**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3685 — 14.03.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

**പൂക്കോട്ടൂർ പി.എച്ച്.സി. യിൽ ഡയാലിസിസ് യൂണിറ്റ്**

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പി.എച്ച്.സി. കളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാൻ എന്തെങ്കിലും നിയമ/സാങ്കേതിക തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. രോഗികൾക്ക് വേണ്ടുന്ന പ്രാഥമിക ശുശ്രൂഷകൾ മാത്രമാണ് പി.എച്ച്.സി-കളുടെ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. ജനറൽ ആശുപത്രി, താലൂക്ക് ആശുപത്രി മുതലായ മേജർ ആശുപത്രികളിൽ മാത്രമേ സർക്കാർ പദ്ധതി പ്രകാരം ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുള്ളൂ. |
| (ബി) | നിലവിൽ ഏതെങ്കിലും പി.എച്ച്.സി. കളിൽ ഡയാലിസിസ് യൂണിറ്റുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പട്ടിക നൽകാമോ; | (ബി) | പി.എച്ച്.സി, ഈരാറ്റുപേട്ടയിൽ എം.പി.ഫണ്ട്, ഷിപ്പ്യാർഡ് ഫണ്ട് എന്നീ ഫണ്ടുകൾ ഉപയോഗിച്ച് 3 ഡയാലിസിസ് മെഷീൻ ആർ.ഒ പ്ലാന്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ തുടർ-പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഇതുവരെ പ്രവർത്തനനടപടികൾ ആരംഭിച്ചിട്ടില്ല. പഞ്ചായത്തിൽ പ്രോജക്ട് വച്ച് ഉടനെ ഡയാലിസിസ് തുടങ്ങുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഏതെങ്കിലും സന്നദ്ധ സംഘടനകൾക്ക് പി.എച്ച്.സി. കളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ കഴിയുമോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) | പി.എച്ച്.സി-കളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല. രോഗികൾക്ക് വേണ്ടുന്ന പ്രാഥമിക ശുശ്രൂഷകൾ മാത്രമാണ് പി.എച്ച്.സി-കളുടെ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി മുതലായ മേജർ ആശുപത്രികളിൽ മാത്രമേ സർക്കാർ പദ്ധതി പ്രകാരം ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുള്ളൂ. |
| (ഡി) | മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ പി.എച്ച്.സി. യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ഡി) | പരിഗണനയിലില്ല. പി.എച്ച്.സികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല. രോഗികൾക്ക് വേണ്ടുന്ന പ്രാഥമിക ശുശ്രൂഷകൾ മാത്രമാണ്. പി.എച്ച്.സികളുടെ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ഇ) | പൂക്കോട്ടൂർ പി.എച്ച്.സി. യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാനുള്ള ഒരു സന്നദ്ധ സംഘടനയുടെ അപേക്ഷയിൽ സർക്കാർ എടുത്ത നടപടികൾ വ്യക്തമാക്കാമോ? | (ഇ) | അപേക്ഷ ലഭിച്ചിട്ടില്ല. ബാധകമല്ല. |

സെക്ഷൻ ഓഫീസർ